റേഷൻ സാധനങ്ങളുടെ കയറ്റിറക്ക് ചെലവ്

* 418. [446] ശ്രീ. എസ്. ആർ തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ റീട്ടെയിൽ വ്യാപാരികൾക്ക് ഹോൾസെയിൽ കടകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ കയറ്റുന്നതിനും റീട്ടെയിൽ ഷോപ്പുകളിൽ മേൽപ്പടി സാധനം എത്തിക്കുന്നതിനും കടകളിൽ ഇറക്കുന്നതിനും എന്തെങ്കിലും തുക കൊടുക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രയെന്നും ഇല്ലെങ്കിൽ അതു കൊടുക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാമോ എന്നും വ്യക്തമാക്കുമോ ?

ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) റേഷൻ റീട്ടെയിൽ വ്യാപാരികൾക്ക് ഹോൾസെയിൽ കടകളിൽ നിന്നും ഭക്ഷ്യസാധനങ്ങൾ കയറ്റുന്നതിനും മേൽപ്പടി സാധനങ്ങൾ റീട്ടെയിൽ കടകളിൽ എത്തിക്കുന്നതിനും കടകളിൽ ഇറക്കുന്നതിനും വേണ്ടി വരുന്ന എല്ലാ ചെലവുകളും കണക്കിലെടുത്താണ് ലാഭവിഹിതം നിശ്ചയിച്ചിരിക്കുന്നത്.

(ബി) ഹോൾസെയിൽ ഡിപ്പോ മുതൽ റീട്ടെയിൽ കടവരെയുള്ള ദൂരം കണക്കാക്കി, കമ്മീഷനിന് 7 രൂപ 21 പൈസ മുതൽ 8.71 രൂപ വരെ ലാഭവിഹിതം നൽകുന്നുണ്ട്.

ശ്രീ. എസ്. ആർ. തങ്കരാജ് : തൂക്കം കണക്കിലെടുത്തല്ല, ഹോൾസെയിൽ കടകളിൽ നിന്നും സാധനങ്ങൾ കയറ്റിക്കൊണ്ടുപോകുന്നതിനിടയ്ക്ക് തൂക്കത്തിൽ വളരെയധികം വ്യത്യാസം വരുന്നതുകൊണ്ട് ഗുണഭോക്താക്കളായ, റേഷൻ വാങ്ങുന്ന ആളിന് കിലോഗ്രാമിന് 200 ഗ്രാം വരെ കുറയുന്നുണ്ട്. അത് ഉണ്ടാകാതിരിക്കാൻ ഇവരുടെ കമ്മീഷൻ-ലാഭവീതം- കൂട്ടാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : തൂക്കം കുറയുന്നതും ലാഭവിഹിതവും തമ്മിൽ യാതൊരു ബന്ധവുമില്ല. തൂക്കം കുറയാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തൂക്കം നോക്കി അവർക്ക് വാങ്ങാവുന്നതും കൊണ്ടുപോകാവുന്നതുമാണ്. തൂക്കം കുറവുണ്ടെങ്കിൽ അതിന് നടപടി എടുക്കുന്നതാണ്. ലാഭവിഹിതം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ഇതിന് മുൻപ് ഈ സഭയിൽ ഉന്നയിച്ചതാണ്, അന്ന് മറുപടി പറഞ്ഞതുമാണ്.

ശ്രീ. എസ്. ആർ. തങ്കരാജ് : ഒരു കിലോമീറ്റർ ദൂരം കൊണ്ടുപോകുന്നതിന് നോംസ് അനുസരിച്ച് എന്തു തുകയാണ് ചെലവാകുന്നത് ?

ശ്രീ. യു. എ. ബീരാൻ : ഒരുകിലോമീറ്റർ മുതൽ 8 കിലോമീറ്റർ ദൂരം വരെയുള്ള ഫസ്റ്റ് സോണിലുള്ള റീട്ടെയിൽ കടകൾക്ക് ലാഭവിഹിതമായി ഏഴുരൂപ ഇരുപത്തിയൊന്നു പൈസയാണ് കൊടുക്കുന്നത്. 8 കിലോമീറ്റർ മുതൽ 16 കിലോമീറ്റർ വരെയുള്ള സെക്കൻഡ് സോണിലുള്ള കടകൾക്ക് ഏഴുരൂപ എഴുപത് പൈസയും 16 കിലോമീറ്റർ മുതൽ 32 കിലോമീറ്റർ ദൂരം വരെയുള്ള കടകൾക്ക് എട്ടുരൂപ ഇരുപത്തിമൂന്നു പൈസയും 32 മുതൽ 48 കിലോമീറ്റർ വരെ ദൂരമുള്ള കടകൾക്ക് എട്ടുരൂപ എഴുപത്തിഒന്നുപൈസ 43 കിലോമീറ്ററിന് മുകളിലുള്ളതിന് എട്ടുരൂപ എഴുപത്തിയൊന്ന് പൈസയും അതിന് ശേഷമുള്ള ഓരോ കിലോമീറ്ററിനും നാലുപൈസ വീതം വർദ്ധിപ്പിച്ച് കൊടുക്കും.

LIBRARY ARCHIVES Kerala Legislative Assembly